LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി സ്വയം പര്യാപ്ത കോളനി പദ്ധതി

239 (3675) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സ്വയംപര്യാപ്ത കോളനി പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ കോളനികളിലായി ആകെ എത്ര കോടി രൂപ ചെലവഴിച്ചു ; കോളനി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി കൃത്യമായും വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ ചെലവഴിച്ച തുകയുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് അന്വേഷണം

240 (3676) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് വിഭാഗം 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അതിൽ എത്ര എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിൽ നടപടികൾ നിർദ്ദേശിച്ചിട്ടുള്ളവ എത്രയെണ്ണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വെളിപ്പിടുത്താമോ ;

(സി) 2015 ജനുവരി മുതൽ ജൂൺ 30 വരെ വിജിലൻസ് വകുപ്പ് അന്വേഷിച്ച കേസുകൾ എത്ര ; അവയിൽ നടപടി നിർദ്ദേശിക്കപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.